**പതിമൂന്നാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **2280** **18.02.2016**-ൽ മറുപടിക്ക്

**'വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് '**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.സുരേഷ് കുറുപ്പ് | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | രോഗനിർണയ - ചികിത്സാ സംവിധാനം ശക്തിപ്പെടുത്തുന്നതിനും അന്താരാഷ്ട്ര നിലവാരത്തിലുള്ള പുതിയൊരു ഗവേഷണ കേന്ദ്രം സ്ഥാപിക്കുമെന്ന പ്രഖ്യാപനം നടപ്പാക്കാൻ കഴിയാതിരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; | (എ) & (ബി) | ആലപ്പുഴ ജില്ലയിൽ 2000-ാംമാണ്ടിൽ പ്രവർത്തനം ആരംഭിച്ച കേരള സംസ്ഥാന വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് മതിയായ സാങ്കേതിക വിദഗ്ധരും നൂതന ഉപകരണങ്ങളും ഇല്ലാത്തതിനാൽ പ്രവർത്തനം വിപുലപ്പെടുത്തുവാൻ സാധിച്ചിട്ടില്ല. ഇപ്പോൾ അടിസ്ഥാന രോഗ നിർണയവും അതിനോട് അനുബന്ധിച്ചുള്ള പ്രവർത്തനവും പരിമിതമായ രീതിയിൽനടന്നുവരുകയാണ്.ഈ സ്ഥാപനം അന്താരാഷ്ട്ര നിലവാരത്തിലുള്ള പുതിയൊരു ഗവേഷണ കേന്ദ്രമാക്കി മാറ്റുന്നതിനുള്ള ശുപാർശ സമർപ്പിക്കാൻ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകുന്നതാണ്. |
| ബി) | മുൻ സർക്കാർ ആലപ്പുഴയിൽ ആരംഭിച്ച വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾ കാലോചിതമായി വിപുലീകരിക്കുന്നതിനു കഴിയാതിരുന്നത് എന്തുകൊണ്ടെന്ന് അറിയിക്കാമോ; | | |
| സി) | വിവിധ രോഗനിർണയത്തിനായി അന്യ സംസ്ഥാനങ്ങളിലെ സ്ഥാപനങ്ങളെ ആശ്രയിക്കേണ്ടി വരുന്നതും അതുവഴി രോഗനിർണയം വൈകുന്നതും ഒഴിവാക്കാൻ എന്തു സ്വീകരിക്കുമെന്ന് അറിയിക്കുമോ? | | നിലവിൽ വൈറസ് രോഗങ്ങൾ തിരിച്ചറിയുന്നതിനുള്ള ലബോറട്ടറി സൗകര്യങ്ങൾ നാഷണൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ ഉള്ളതിനാൽ ചുരുക്കം ചില പരിശോധനകൾക്ക് മാത്രമേ അന്യ സംസ്ഥാനത്തെ ആശ്രയിക്കാറുള്ളൂ. |

സെക്ഷൻ ഓഫീസർ